(ഇ) ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ആണ് കഴിഞ്ഞ തവണ സ്വീകരിച്ചത്:

—ടൂറിസവുമായി ബന്ധപ്പെട്ട് പരസ്യ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയ അഞ്ച് വർഷത്തെ പ്രവർത്തന പരിചയം.

—മൊത്തം നാല് കോടി രൂപയുടെയെങ്കിലും വാർഷിക ബിസിനസ്സ്.

—എല്ലാ സജ്ജീകരണങ്ങളോടുംകൂടിയ ഓഫീസ് തിരുവനന്തപുരത്ത് ഉണ്ടായിരിക്കണം.

ടൂറിസം പരസ്യപ്രചരണങ്ങൾക്ക് കേന്ദ്രസഹായം

60 [738] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും പരസ്യ ഇനത്തിൽ ടൂറിസം വകുപ്പ് എത്ര സംഖ്യ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; 2001 മുതൽ കഴിഞ്ഞ 5 വർഷങ്ങളിലായി ഓരോ വർഷവും എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട് ;

(ബി) വിദേശ രാജ്യങ്ങളിൽ സംസ്ഥാന ടൂറിസം വകുപ്പ് പരസ്യം ചെയ്യുന്നുണ്ടോ ; ഇതിനായി ഓരോ വർഷവും എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പരസ്യപ്രചരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഓരോ വർഷവും സ്വദേശത്തും വിദേശത്തും പരസ്യം നൽകുന്നതിനായി ടൂറിസം വകുപ്പ് ശരാശരി 4 കോടി രൂപാവീതം ചെലവഴിക്കുന്നു. 2001 മുതൽ കഴിഞ്ഞ 5 വർഷങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു :

നമ്പർ	വർഷം	തുക
1.	2001-2002	2,36,17,802
2.	2002-2003	3,02,77,412
3.	2003-2004	2,65,23,774
4.	2004-2005	4,36,21,554
5.	2005-2006	6,74,83,000
	ആകെ	19,15,23,542

(ബി) വിദേശ രാജ്യങ്ങളിലും ടൂറിസം വകുപ്പ് പരസ്യം നൽകുന്നുണ്ട്. ഇതിനായി ഓരോ വർഷവും ശരാശരി മൂന്ന് കോടി രൂപ വീതം ചെലവഴിക്കുന്നു.

(സി) പരസ്യപ്രചരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് പ്രത്യേക സഹായം ഒന്നും ലഭിക്കുന്നില്ല. എന്നാൽ ഇന്ത്യാ ഇന്റർനാഷണൽ ബോട്ട്ഷോ വിജയകരമായി സംഘടിപ്പിക്കുന്നതിന് 2003-ലും 2004-ലും കേന്ദ്ര സർക്കാർ സഹായമായി 15 ലക്ഷം രൂപാവീതം ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly